## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

07.03.2020

സമർപ്പണം :

ജില്ലാ കളക്ടർ, പാലക്കാട്

# കൊടുവായൂർ ബൈപ്പാസ് റോഡ്




SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

സോഷ്യൽ സർവ്വീസ് സെന്റർ

കോളേജ് പി.ഒ., കോതമംഗലം - 686 666

ഫോൺ : 9446510628

www.ysso.net, email: ysso95@gmail.com

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠനം

# കരട് രേഖ

## കൊടുവായൂർ ബൈപ്പാസ് റോഡ്

ജില്ല : പാലക്കാട്,

താലൂക്ക് : ചിറ്റൂർ, ആലത്തൂർ

വില്ലേജ് : കൊടുവായൂർ 1, കൊടുവായൂർ 2, പെരുവമ്പ്, തേൻകുറിശ്ശി

സമർപ്പണം

ജില്ലാ കളക്ടർ, പാലക്കാട്

സ്പെഷ്യൽ തഹസിൽദാർ, (എൽ.എ) ജനറൽ

**RBDCK**


SIA UNIT

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ., കോതമംഗലം - 686 666
ഫോൺ : 0485 2971222, 9446510628
email: ysso95@gmail.com

# ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം 1 | പഠനത്തിന്റെ സംക്ഷിപ്ത രൂപം |
| അദ്ധ്യായം 2 | പദ്ധതിയുടെ വിശദ വിവരങ്ങൾ |
| അദ്ധ്യായം 3 | പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം |
| അദ്ധ്യായം 4 | സ്ഥലത്തിന്റെ മൂല്യനിർണയം |
| അദ്ധ്യായം 5 | കണക്കാക്കലും ഗണനവും |
| അദ്ധ്യായം 6 | സാമൂഹ്യ സാമ്പത്തിക രൂപരേഖ |
| അദ്ധ്യായം 7 | സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം |
| അദ്ധ്യായം 8 | സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം |
| അദ്ധ്യായം 9 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ് |
| അദ്ധ്യായം 10 | സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി– മേൽനോട്ടവും മൂല്യനിർണ്ണയവും |
| അദ്ധ്യായം 11 | നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം |
| | സംഗ്രഹം |

| | |
|---|---|
| പദ്ധതിയുടെ പേര് | കൊടുവായൂർ ബൈപ്പാസ് റോഡ് |
| സംസ്ഥാനം | കേരളം |
| ജില്ല | പാലക്കാട് |
| താലൂക്ക് | ചിറ്റൂർ, ആലത്തൂർ, |
| റവന്യൂ വില്ലേജ് | കൊടുവായൂർ 1, കൊടുവായൂർ 2, പെരുവമ്പ്, തേൻകുറിശ്ശി |
| പഞ്ചായത്ത് | കൊടുവായൂർ, പെരുവമ്പ്, തേൻകുറിശ്ശി |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് | 796.48 ആർസ് |
| അർത്ഥനാധികാരി | RBDCK |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ, പാലക്കാട് |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്തരൂപം

### 1.1 ആമുഖം:പദ്ധതിയും ലക്ഷ്യങ്ങളും

പാലക്കാട് ജില്ലയിലെ കൊടുവായൂർ ബൈപ്പാസ് റോഡ്പദ്ധതി നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹികാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്. വർദ്ധിച്ച് വരുന്ന ഗതാഗതക്കുരുക്കിന്റെ പശ്ചാത്തലത്തിൽ പാലക്കാട് നഗരത്തിന് ഒരു ബൈപ്പാസ് റോഡ് അനിവാര്യമായിക്കൊണ്ടിരിക്കുകയാണ്.

കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതി കൊടുവായൂർ, പെരുവമ്പ്, തേൻകുറിശ്ശി എന്നീ മൂന്ന് പഞ്ചായത്തിന്റെ പരിധിയിലാണ് ഉൾപ്പെടുന്നത്. കൊടുവായൂർ, പെരുവമ്പ്, കൊല്ലംകോട് ബ്ലോക്കിലും, തേൻകുറിശ്ശി, കുഴൽമന്ദം ബ്ലോക്കിലുമാണ് ഉൾപ്പെടുന്നത്.

1979-ൽ കൊടുവായൂരും പുതുനഗരവും പഞ്ചായത്ത് ഒരുമിച്ചായിരുന്നു. 1980-ൽ തെരഞ്ഞെടുപ്പിൽ രണ്ട് പഞ്ചായത്തായി വിഭജിച്ചു. അങ്ങനെ കൊടുവായൂർ പഞ്ചായത്ത് രൂപപ്പെട്ടു. ആദ്യകാലത്ത് കൊടുക്കൽ-വാങ്ങലുകൾ ഉണ്ടായിരുന്നതുകൊണ്ടാണ് കൊടുവായൂർ എന്ന പേര് വന്നതെന്നാണ് ഐതിഹ്യം. നൂറ്റാണ്ടുകൾക്ക് മുമ്പ് മഹാത്മാഗാന്ധി കൊടുവായൂർ സന്ദർശിച്ചതായി പറയപ്പെടുന്നു.

പെരുവമ്പ്, തേൻക്കുറിശ്ശി, കൊടുവായൂർ കാർഷികമേഖലയാണ്. നവകോട് കനാലാണ് തേൻകുറിശ്ശിയുടെ അതിർത്തി. ചോരകോട്, മന്നത്ത് കാവാണ് പെരുവമ്പ് പഞ്ചായത്തിലെ അതിർത്തി വരുന്നത്. കൊടുവായൂരിന്റെ അതിർത്തി പുതുനഗരം-നൊച്ചൂരാണ്.

കൊടുവായൂർ ജില്ലാ ആശുപത്രിയിലേക്ക് പോകാൻ കൊടുവായൂർ നിവാസികൾ ബ്ലോക്ക് മൂലം കഴിയാതെ വരുന്നു. രാവിലെയും വൈകുന്നേരവും ലോറിയിൽ ചരക്ക് കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതിന്റെയും തിരക്കിൽ വളരെയധികം ഗതാഗതക്കുരുക്ക് കാണാൻ കഴിയുന്നു. ഏറ്റവും കൂടുതൽ വസ്ത്ര വ്യവസായം നടക്കുന്ന സ്ഥലമാണ് കൊടുവായൂർ. ആയതിനാൽ ആ പ്രദേശത്തിന്റെ വാണിജ്യ വ്യാവസായിക മുന്നേറ്റത്തിന് ഈ പദ്ധതി അനിവാര്യമാണ്. ഇതിന് മുമ്പ് ഒരു ബൈപ്പാസ് ഉണ്ടായതായി പറയപ്പെടുന്നു. ആബൈപ്പാസ് മേലെപ്പള്ളി വഴി അത് കരിവിന്നൂർതറ വഴിയാണ് പഞ്ചായത്ത് രൂപപ്പെടുത്തിയിരുന്നത്. ഇന്നത് ഉപയോഗപ്രദമല്ല. ആയതിനാൽ കൊടുവായൂരിന്റെ വികസനത്തിന് ബൈപ്പാസ് അനിവാര്യമാണ്.

## ബൈപ്പാസിന്റെ പ്രയോജനങ്ങൾ

കൊടുവായൂർ ടൗണിൽ പ്രവേശിക്കാതെ പാലക്കാട്ടിലേക്ക് പോകാം എന്നതും, ഐരൂർ, നെന്മാറ, പല്ലശന, എത്തനൂർ പാലക്കാടിലേക്ക് ഗതാഗതക്കുരുക്കില്ലാതെ പോകാൻ കഴിയുമെന്നതും പദ്ധതിയുടെ നേട്ടങ്ങളാണ്. നെല്ലിയാമ്പതിയിലേക്ക് വരുന്ന വിനോദസഞ്ചാര കേന്ദ്രത്തിലേക്കും പോത്തുണ്ടി ഡാമിലേക്കും വരുന്നവർക്ക് ഗതാഗതക്കുരുക്കിൽപ്പെടാതെ പോകാൻ കഴിയും എന്നത് ബൈപാസിന്റെ പ്രയോജനങ്ങളിൽപ്പെടുന്നു. കുനിശ്ശേരി, ആലത്തൂർ, നെന്മാറ എന്നിവിടങ്ങളിലേക്ക് പോകുവാൻ പ്രധാനമായും ഈ റോഡിനെ ആശ്രയിക്കുന്നു. കൊടുവായൂർ ഒരു വാണിജ്യകേന്ദ്രമായതുകൊണ്ട് ബിസിനസ്സ് ആവശ്യത്തിനുവേണ്ടി വരുന്നവർക്ക് പദ്ധതി വളരെയധികം പ്രയോജനപ്പെടുന്നു. കാസർഗോഡ്, കണ്ണൂർ, മലബാർ മേഖലകളിലേക്ക് വസ്ത്ര വ്യവസായം കൂടുതലായി കയറ്റി അയയ്ക്കപ്പെടുന്നു. കൂടാതെ കാർഷിക മേഖലയിലും കൊടുവായൂർ സജീവമാണ്. പ്രധാനമായും നെൽകൃഷിയാണ് ഇവിടെയുള്ളത്.

ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലേക്ക് കൃത്യസമയത്ത് ആളുകൾക്ക് എത്തിച്ചേരാൻ കഴിയാതെ വരുന്നതും അടിയന്തിര ഘട്ടങ്ങളിൽ ആംബുലൻസ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ സേവനം യഥാസമയം നൽകുവാൻ കഴിയാതെ ഗതാഗതക്കുരുക്കിൽപ്പെട്ട് വലയുന്നതും സ്ഥിരം കാഴ്ചയാണ്. ഇതിന് ഒരു വലിയ പരിഹാരമാണ് നിർദ്ദിഷ്ട ബൈപ്പാസ് റോഡ്. കൊടുവായൂരിലെ ഗതാഗതക്കുരുക്ക് ദീർഘ ദൂരയാത്രക്കാരെയും തദ്ദേശവാസികളെയും ഒരുപാട് ബുദ്ധിമുട്ടിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബൈപ്പാസ് റോഡിന് പ്രധാന്യമേറുന്നുണ്ട്.

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് ഉണർവ്വേകുക എന്നത് കേരളത്തിൽ വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. റോഡ് ഗതാഗതത്തിന് ഇന്ത്യയുടെ വികസനത്തിലുള്ള പങ്കിന്റെ വലിപ്പമാണ് ഇന്ത്യയുടെ സിരകൾ എന്ന് റോഡ് മാർഗ്ഗം അറിയപ്പെടാനുള്ള കാരണം.

## RBDCK

മെച്ചപ്പെട്ട ഉൽപാദനക്ഷമതയ്ക്കും ഗതാഗതത്തിന്റെ സാമ്പത്തിക കാര്യക്ഷമതയ്ക്കുമായി നന്നായി വികസിപ്പിച്ചെടുത്ത റോഡുകൾ, ഫ്ളൈ ഓവറുകൾ, പാലങ്ങൾ മറ്റ് ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സൃഷ്ടിക്കുക എന്നതാണ് RBDCK കാഴ്ചപ്പാട്. ഇത് കേരള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ഉത്തേജകമായി പ്രവർത്തിക്കും. കേരള ഗവൺമെന്റിന്റെ സ്ഥാപിതവും പൂർണമായും ഉടമസ്ഥതയിലുള്ളതുമായ ഒരു കോർപ്പറേഷനാണ് RBDCK, 1999 സെപ്റ്റംബർ 23ന് കമ്പനി ആക്റ്റ് 1956 പ്രകാരം ഒരു

പരിമിത കമ്പനിയായി സംയോജിപ്പിച്ചിരിക്കുന്നു. RBDCK പ്രധാനമായും കൈകാര്യം ചെയ്യുന്നത്, ഭൂമി, റോഡ്, പ്രോജക്ട്കുകൾ, റെയിൽവേ ഉൾപ്പെടെയുള്ള ചലിപ്പിക്കാവുന്നതും സ്ഥാപരവുമായ വസ്തുക്കളും സ്വത്തുക്കളുമാണ്. കേരള സർക്കാർ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കമ്പനിയാണ്. ഹൈവേകൾ, റോഡുകൾ, ബൈപാസുകൾ, പാലങ്ങൾ, ഓവർ ബ്രിഡ്ജുകൾ തുടങ്ങിയവ നിർമ്മിക്കുക, പരിപാലിക്കുക, പ്രവർത്തിക്കുക, കൈകാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. RBDCK ആസ്ഥാനം കൊച്ചിയിലും പ്രാദേശിക ഓഫീസ് തിരുവനന്തപുരത്തും ഉണ്ട്.

## 1.2 സ്ഥലം

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരിക.സ്ഥലം ഏറ്റെടുക്കലിൽ 3 വീടുകൾ പൂർണ്ണമായും, വീടിന്റെ ചുമര്, വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

കൊടുവായൂർ പഞ്ചായത്തിന്റെ 2, 3, 4, 6,12, 17, 18 എന്നീ വാർഡുകളുടെ പരിധിയും, പെരുവമ്പ് 14-ാം വാർഡിന്റെ പരിധിയിലും, തേൻകുറിശ്ശി 3-ാം വാർഡിന്റെ പരിധിയിലുമാണ് പദ്ധതി വരുന്നത്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരിക. സ്ഥലം ഏറ്റെടുക്കലിൽ 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായില്ല.

## 1.5 സാമൂഹ്യപ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘുകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ട പരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനികരണം, ജലമലിനി കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |

| | | | |
|---|---|---|---|
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

കൊടുവായൂർ, ബൈപ്പാസ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും, ചിലവ് മുതലായവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതി പ്രദേശം.

ഏറ്റവും കൂടുതൽ വസ്ത്ര വ്യവസായം നടക്കുന്ന സ്ഥലമാണ് കൊടുവായൂർ. പല സ്ഥലങ്ങളിലുമുള്ള വാണിജ്യക്കാർക്ക് ബൈപ്പാസ് വളരെ ഉപകാരപ്രദമാണ്. കൊടുവായൂർ ജില്ലാ ആശുപത്രിയിലേക്ക് പോകാൻ കൊടുവായൂർ നിവാസികൾ ബ്ലോക്ക് മൂലം കഴിയാതെ വരുന്നു. രാവിലെയും വൈകുന്നേരവും ലോറിയിൽ ചരക്ക് കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതിന്റെയും തിരക്കിൽ വളരെയധികം ഗതാഗതക്കുരുക്ക് കാണാൻ കഴിയുന്നു. ഇതിനെല്ലാം ഒരു പരിഹാരമാണ് നിർദ്ദിഷ്ട പദ്ധതി. കൊടുവായൂർ ടൗണിൽ പ്രവേശിക്കാതെ നേരെ പാലക്കാടിലേക്ക് പോകാം എന്നതും, ഐരൂർ, നെന്മാറ, പല്ലശന, എത്തനൂർ പാലക്കാടിലേക്ക് ഗതാഗതക്കുരുക്കില്ലാതെ പോകാൻ കഴിയും എന്നതും പദ്ധതിയുടെ നേട്ടങ്ങളാണ്. നെല്ലിയാമ്പതിയിലേക്ക് വരുന്ന വിനോദ സഞ്ചാര കേന്ദ്രത്തിലേക്കും പോത്തുണ്ടി ഡാമിലേക്കും വരുന്നവർക്ക് ഗതാഗതക്കുരുക്കിൽപ്പെടാതെ പോകാൻ കഴിയും എന്നത് ബൈപ്പാസിന്റെ നേട്ടങ്ങളിൽപ്പെടുന്നു. കുനിശ്ശേരി, ആലത്തൂർ, നെന്മാറ എന്നിവിടങ്ങളിലേക്ക് പോകുവാൻ പ്രധാനമായും ഈ റോഡിനെയാണ് ആശ്രയിക്കുന്നത്. കൊടുവായൂർ ഒരു വാണിജ്യകേന്ദ്രമായതുകൊണ്ട് ബിസിനസ്സ് ആവശ്യത്തിനുവേണ്ടി വരുന്നവർക്ക് പദ്ധതി വളരെയധികം പ്രയോജനപ്പെടുന്നു.

നിലവിലെ പ്രശ്നങ്ങളും റോഡിന്റെ പോരായ്മകളും മനസ്സിലാക്കുവാൻ ഒരു പഠനം നടത്തിയശേഷമാണ് പുതിയ മാർഗ്ഗം ശുപാർശ ചെയ്തിരിക്കുന്നത്. അടിയന്തിര ഘട്ടങ്ങളിൽ ആംബുലൻസ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ സേവനം യഥാസമയം നൽകുവാൻ കഴിയാതെ ഗതാഗതക്കുരുക്കിൽപ്പെട്ട് വലയുന്നതും സ്ഥിരം കാഴ്ചയാണ്. ഇതിന് ഒരു

വലിയ പരിഹാരമാണ് നിർദ്ദിഷ്ട ബൈപ്പാസ് റോഡ്. കൊടുവായൂരിലെ ഗതാഗതക്കുരുക്ക് ദീർഘദൂര യാത്രക്കാരെയും തദ്ദേശവാസികളെയും ഒരുപാട് ബുദ്ധിമുട്ടിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബൈപ്പാസ് റോഡിന് പ്രധാന്യമേറുന്നുണ്ട്.

കൊടുവായൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തോടുകൂടി പാലക്കാട്, പട്ടണത്തിലെ ഗതാഗത ഞെരുക്കത്തിന് ശമനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ബൈപ്പാസ്സിലൂടെയുള്ള ഗതാഗതം സാധ്യമായിത്തുടങ്ങുമ്പോൾ, വാഹനാപകടങ്ങളും ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ഒരു ഗ്രാമത്തിന്റെ ഇടുങ്ങിയ തെരുവുകളിലൂടെയല്ലാതെ ഒരു ഗ്രാമത്തിന് ചുറ്റും കനത്ത ഗതാഗതം വഴിതിരിച്ചുവിടാൻ ബൈപ്പാസിനു കഴിയും. തിരക്ക് കുറയ്ക്കുക, സുരക്ഷ മെച്ചപ്പെടുത്തുക, പാരിസ്ഥിതിക സുസ്ഥിരത, ഇൻഫ്രാസ്ട്രക്ചർ കേടുപാടുകൾ കുറയ്ക്കുക എന്നിവ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

## 2.3 പദ്ധതിയുടെ അനിവാര്യത

ഒരു പ്രദേശത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഒഴിച്ചുകൂടാനാവാത്ത പ്രാരംഭ ആവശ്യം നല്ല അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയാണ്. റിങ്ങ് റോഡുകൾ, മേൽപ്പാലങ്ങൾ, ഫ്ളൈ ഓവറുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെ ഗതാഗതസൗകര്യം മെച്ചപ്പെടുത്താനുള്ള ഒരു അന്തർമുഖമായ പദ്ധതിയിലേക്കാണ് RBDCK രംഗപ്രവേശം ചെയ്യുന്നത്.

ജില്ലയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന പട്ടണങ്ങളിലൊന്നായ പാലക്കാട് മറ്റ് നഗരങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം തന്നെയാണ് നേരിടുന്നത്. പ്രധാനമായും നഗരങ്ങളെ ദുർബലപ്പെടുത്തുന്നത് ട്രാഫിക്ക് സിഗ്നൽ ആണ്. പ്രധാനമായും ജംഗ്ഷനിൽ 3 പ്രധാന റോഡുകളും കൂടിച്ചേരുന്ന ഭാഗങ്ങളിലും ഇത് രൂക്ഷമാണ്. ട്രാഫിക് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ബിസിനസ്സ് പ്രവർത്തനത്തെയും ബാധിക്കുന്നു. വാഹനമോടിക്കുന്നവരുടെ സുരക്ഷമാത്രമല്ല, ബിസിനസ്സുകാരുടെ ക്ഷേമത്തിനും ബൈപ്പാസ് നിർമ്മാണം അനിവാര്യമാണ്. തിരക്ക് വേളകളിൽ സിഗ്നൽ കാത്ത് കവലകളിൽ കിടക്കുന്ന വാഹനങ്ങളുടെ നിണ്ടനിര, സമീപപ്രദേശങ്ങളിലും ഗതാഗതക്കുരുക്കിന് കാരണമാകുന്നു. ഈ ദുരന്തം തടയുന്നതിന് സാധ്യമാകുന്ന ഏറ്റവും നല്ല മാർഗ്ഗം പട്ടണത്തിന് വെളിയിലൂടെയുള്ള ഒരു ബൈപ്പാസ് സംവിധാനമാണ്. ഇതിലൂടെയുള്ള നിർത്താതെയും കാത്തുകിടക്കാതെയുമുള്ള വാഹന സഞ്ചാരം സമയലാഭവും ഇന്ധനലാഭവുമാണ് പ്രദാനം ചെയ്യുന്നത്.

## 2.4 പദ്ധതിനിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## 2.5 ഗതാഗത അനുബന്ധസൗകര്യങ്ങളുടെ ആവശ്യകത

കേരളത്തിന്റെ ഗതാഗതത്തിന് നല്ലൊരു ശൃഖല തന്നെയുണ്ട്. റോഡ് മാർഗ്ഗം, റെയിൽ മാർഗ്ഗം, വ്യോമമാർഗ്ഗം, ജലമാർഗ്ഗം എന്നീ ശൃംഖലകളെ സംസ്ഥാനം നല്ല രീതിയിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ എന്നുതന്നെയല്ല, ലോകത്തിലെ തന്നെ മികച്ച വാണിജ്യ- വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. റോഡ് വഴിയുള്ള ഗതാഗതം ചെലവ് കുറഞ്ഞതും എളുപ്പമുള്ളതും ആയതിനാൽ കൂടുതൽ പേരും ഇതിനെ ആശ്രയിക്കുന്നു. എന്നാൽ ജനസംഖ്യാ പെരുപ്പവും വാഹനത്തിന്റെ ആധിക്യവും മൂലം ഗതാഗതക്കുരുക്കുകളും റോഡ് അപകടങ്ങളും ഭയാനകമായ വിധത്തിൽ വർദ്ധിച്ചുവരുന്നു. നിലവിലെ അവികസിത റോഡുകളും ഗതാഗതകുരുക്കുകൾ ഒഴിവാക്കുന്നതിന് പകരം സംവിധാനങ്ങളില്ലാത്തതും നിർദ്ദിഷ്ട പദ്ധതി നിർവ്വഹണത്തിന് വഴി തെളിക്കുന്നു.

### ഗുണനിലവാരം കുറഞ്ഞ ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ അനന്തര ഫലം

- ഗതാഗതകുരുക്ക്
- പെട്രോൾ, ഡീസൽ, മറ്റ് ഇന്ധനങ്ങൾ മുതലായ പുനർനിർമ്മിക്കുവാൻ കഴിയാത്ത പ്രകൃതി വിഭവങ്ങളെ ശോഷിപ്പിക്കൽ
- വായു/ വെള്ളം/ ശബ്ദ മലിനികരണം
- സമയ നഷ്ടം
- യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും ഉതകുന്ന ബുദ്ധിമുട്ട്
- റോഡ് അപകടങ്ങളും മരണങ്ങളും
- അടിയന്തിരഘട്ടങ്ങളിൽ ആംബുലൻസ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ സേവനം യഥാസമയം നൽകുവാനുള്ള ബുദ്ധിമുട്ട്

## 2.6 പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

ഭൂമി ഏറ്റെടുക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാകുന്നതുമായ കൊടുവായൂർ ബൈപ്പാസ് റോഡ്പദ്ധതി കേരളത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നതാണ്.

## 2.7 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പൊതുജന ഉപയോഗത്തിനുള്ള റോഡായതിനാൽ സാധാരണ വികസന പ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതികാഘാതത്തെ അപേക്ഷിച്ച് കൂടുതൽ സ്വീകാര്യമായ മഹനിയത ലഭിക്കുമെന്ന് തോന്നുന്നു.

## 2.8 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

| ക്രമ നമ്പർ | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തി നും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നിയമം<br>2005 ലെ വിവരാവകാശ നിയമം<br>വൈകല്യങ്ങളുള്ള വ്യക്തികളുടെഅവകാശങ്ങൾ സംബന്ധിച്ച 2016ലെ ആക്ട് | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

### വിവരാവകാശ നിയമം 2005

പൗരന്മാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനു വേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരന്മാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം, ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകത ആണ്.

## അദ്ധ്യായം 3

# പഠനസംഘം പഠന സമീപനം പദ്ധതി ശാസ്ത്രം

### 3.1 പശ്ചാത്തലം

കേരളാ ഗസറ്റ് വിജ്ഞാപനം G.O (P) No.90/2019/RD തീയതി 09/12/2019 പ്രകാരം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവ്വീസ് സെന്റർ, കോളേജ് പി.ഒ., കോതമംഗലം എന്ന സ്ഥാപനത്തിന്റെ SIAയെ ഘടകത്തെയാണ് കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതിക്കുവേണ്ടി സാമൂഹ്യാഘാത വിലയിരുത്തൽപഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക എന്നതാണ് പഠന യൂണിറ്റിന്റെ ഉത്തരവാദിത്വം.

### 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുന്നത് സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരതയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മപദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം<br>• പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സംസ്ഥാന നിയമം | • പ്രാരംഭ പഠനം<br>• തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധനയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

### ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളുമായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാഘാത വിലയിരുത്തലിന്റെ കരട് രൂപം |

### ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീകരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടുത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്കകൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമസാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.3 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ ടീം ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു

വേണ്ടിയുള്ള വിവരശേഖരണം ഏകോപനവും നടത്തിയത്. വികസന, നിയമ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യു ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | MSW, Director, 22 വർഷത്തെSIA യൂണിറ്റിൽ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ,LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്, B.A, വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5 | ജിനു ജോസഫ് | റിസർച്ച് അസോസിയേറ്റ്, B.Com, I.C.W.വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 6 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്, B.A വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

## 3.4 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചു.

## 3.5 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പദ്ധതി പ്രദേശവും ആഘാത ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി, ഫെബ്രുവരി മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീക രിച്ച് സാമൂഹ്യ പ്രത്യാഘാത പഠന കരടു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6 സ്ഥിതി വിവര ക്രോഡീകരണവും പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.

## 3.7 പഠനത്തിന്റെ പരിമിതികൾ

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനായുള്ള അവകാശ നിയമങ്ങളും, ചട്ട ങ്ങളും ആഘാതബാധിതരായ ജനവിഭാഗത്തിന് നിതിപൂർവ്വമായ സുതാര്യത ഉറപ്പാക്കുന്ന താണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് സാമൂഹ്യപ്രത്യാഘാത പഠന വിലയിരുത്തൽ നടത്തിയ അവസരത്തിൽ അഭിമുഖീകരിച്ച പ്രധാന പരിമിതികൾ താഴെ പറയുന്നവയാണ്.

- ആഘാതബാധിത പട്ടികയിലുള്ള ആളുകളെയോ അവരുടെ പ്രതിനിധികളെയോ കണ്ടെ ത്തി വിവരശേഖരണം നടത്തുന്നതിനായി നിരവധി തവണ വീടുകളിൽ സന്ദർശന നട ത്തേണ്ടതായി വന്നു. ഏതാനും ചില ഭൂഉടമസ്ഥർ പദ്ധതി പ്രദേശത്ത് നിന്ന് ദൂരെ സ്ഥല ങ്ങളിലുമാണ് താമസിക്കുന്നത്.
- പദ്ധതി ബാധിത പ്രദേശമായി വന്നിരിക്കുന്ന സ്ഥലം 90% ആൾ താമസമില്ലാത്ത പ്രദേശ മാണ്.
- ഏറ്റെടുക്കുന്ന സ്ഥലത്തെ സർവ്വെ നമ്പറുകൾ തമ്മിലുള്ള പൊരുത്തമില്ലായ്മ ഭൂവുടമ കളെ കണ്ടെത്തി സർവ്വേ നടത്തുന്നതിന് ഒരു പരിധി വരെ ബാധിച്ചു.

## പബ്ലിക് ഹിയറിംഗ്

14(1) ൽ ഫോം 5 അനുസരിച്ച് 2020 മാർച്ച് 21-ാം തീയതി കൊടുവായൂർ കമ്മ്യൂ ണിറ്റി ഹാളിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടു ക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറു പടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

അദ്ധ്യായം 4


# ഭൂനിർണ്ണയം


## 4.1 ആമുഖം

കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ ഭൂമി നഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നവരുടെയും, സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2020 ജനുവുരി, ഫെബ്രുവരിമാസത്തിൽ പൂർത്തീകരിക്കുകയും ആഘാത ബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത സ്വകാര്യ സ്വത്തിന്റെ പ്രത്യാഘാതങ്ങൾ ജനങ്ങളുടെ വരുമാനവും ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട കൊടുവായൂർ ബൈപ്പാസ് റോഡ്പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം സർവ്വേയുടെ സഹായത്താൽ താഴെ ചേർക്കുന്നു.

### വസ്തു വിവര പട്ടിക (നിർദ്ദിഷ്ട പദ്ധതിയുടെ ഭൂപടം)




RBDCK Ltd.
KITCO Ltd.


RBDCK Ltd.
KITCO Ltd.

## 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്കായി സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കേണ്ടവരുടെ സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതമാണ് പട്ടിക 4.1ൽ ഉള്ളത്.

| ക്രമ നമ്പർ | വ്യക്തിയുടെ മേൽവിലാസം | സർവ്വേനമ്പർ വില്ലേജ് | ഉന്നയിച്ച പ്രശ്നങ്ങൾ/ ആവശ്യങ്ങൾ |
|---|---|---|---|
| 1 | ദേവകിക്കുട്ടി,<br>ബേബി നിവാസ്,<br>എത്തനൂർ പി.ഒ.<br>പിൻ 678502 | 358/6<br>കൊടുവായൂർ 2<br>W-18 | പദ്ധതി ബാധിത പ്രദേശത്ത് മതിൽ, ഗേറ്റ് എന്നിവ ഉൾപ്പെടുന്നു. ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. |
| 2 | ചെന്താമരാക്ഷൻ,<br>അരവിന്ദാക്ഷൻ,<br>പെരിയപാടംകുളം,<br>എത്തനൂർ പി.ഒ.,<br>കൊടുവായൂർ,<br>പിൻ- 678502 | 317/2<br>323/3<br>323/4<br>കൊടുവായൂർ 2<br>W-2 | പദ്ധതി പ്രദേശത്ത് നെൽകൃഷി ഉൾപ്പെടുന്നു. മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടുനൽകാൻ സമ്മതമാണ്. ആയിരക്കണക്കിനാളുകളുടെ കുടിവെള്ളത്തിനാശ്രയിക്കുന്ന പൊതു കിണർ നിലനിർത്തി പദ്ധതി കൊണ്ടുവരണം. |
| 3 | സി. ചന്ദ്രലക്ഷ്മണൻ,<br>ശ്രീശൈലം,<br>തറക്കളം, ചിറ്റൂർ പി.ഒ.,<br>പിൻ 678101 | 154/7<br>കൊടുവായൂർ 1<br>W-III | പദ്ധതി പ്രദേശത്ത് നെൽകൃഷി ഉൾപ്പെടുന്നു. പൂർവ്വിക സ്വത്തായതിനാൽ മതിയായ നഷ്ടപരിഹാരം നൽകണം. |
| 4 | ബിന്ദു രാജേഷ്,<br>ചാന്തിരുത്തി,<br>കൊടുവായൂർ പി.ഒ.<br>പിൻ 678101 | 192/5<br>കൊടുവായൂർ 1<br>W-II | പദ്ധതി പ്രദേശത്ത് നെൽകൃഷി ഉൾപ്പെടുന്നു. സ്ഥലം പോകുന്നതിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നുണ്ടെങ്കിൽ മതിയായ നഷ്ടപരിഹാരം ലഭിക്കണം. |
| 5 | രാധാകൃഷ്ണൻ<br>ഉമത്തുംതോപ്പ്,<br>പിൻ - 678502 | 324/5<br>324/6<br>W-II<br>കൊടുവായൂർ 2 | പദ്ധതി ബാധിത പ്രദേശത്ത് നെൽകൃഷി ഉൾപ്പെടുന്നു. പദ്ധതി സ്വാഗതം ചെയ്യുന്നു. |
| 6 | വെള്ളക്കുട്ടി, (LATE)<br>ശിവനാരായണൻ<br>മുതൽ പേർ<br>പുത്തൻവീട്,<br>വടക്കുമുറി,<br>എത്തനൂർ.പി.ഒ. | 319/6<br>കൊടുവായൂർ 2<br>W-II | പദ്ധതി പ്രദേശം കൃഷിസ്ഥലമാണ്. സ്ഥലം ഏറ്റെടുക്കുമ്പോൾ അവശേഷിക്കുന്ന സ്ഥലത്തേക്കുള്ള പ്രവേശനം സാധ്യമാക്കണമെന്നും മതിയായ നഷ്ടപരിഹാരം നൽകണമെന്നും അറിയിച്ചു. |

| | | | |
|---|---|---|---|
| | പിൻ - 678502<br>(ദേവകി, സത്യഭാമ,<br>ശാന്തകുമാരി,<br>ശശികല, രാധ) | | |
| 7 | ഉദയകുമാർ,<br>തെക്കെവീട്,<br>എത്തനൂർ പി.ഒ.,<br>പിൻ-678502 | W-18<br>കൊടുവായൂർ 2<br>358/1 | പദ്ധതി ബാധിത പ്രദേശത്ത് ഷെഡ് ഉൾപ്പെടുന്നു. ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. |
| 8 | കൃഷ്ണൻ,<br>S/0 കുട്ടു,<br>ദീപ്തി കൃഷ്ണദാസ്,<br>വടക്കുംപാടം,<br>കോരകാട്,<br>കൊടുവായൂർ പി.ഒ,<br>പിൻ - 678501 | W-6<br>കൊടുവായൂർ 1 | പദ്ധതി പ്രദേശം കൃഷി സ്ഥലമാണ്. പദ്ധതി വന്നു കഴിഞ്ഞാൽ വെള്ളം കടന്നുപോകുന്നതിനുള്ള വഴി തടസപ്പെടുന്നതിനാൽ വെള്ളക്കെട്ട് വന്ന് കൃഷി നാശം ഉണ്ടാകുന്നു. ആയതിനാൽ സ്ഥലം വിട്ടുതരാൻ സമ്മതമല്ലെന്ന് അറിയിച്ചു |
| 9. | ചിപ്പുകുട്ടൻ<br>ഇടശ്ശേരികളം,<br>വടക്കുപാടം<br>കൊടുവായൂർ,<br>പിൻ - 678501 | 10/1<br>W-6<br>കൊടുവായൂർ I | പദ്ധതി പ്രദേശത്ത് തെങ്ങ്, തേക്ക്, പുളി, കൈനി, മാവ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ നെൽകൃഷി ഉൾപ്പെടുന്നു. പദ്ധതി വന്നാൽ വെള്ളം കടന്ന് പോകുന്നതിനുള്ള വഴി തടസ്സപ്പെടുന്നു. ഇതു മൂലം 30 ഏക്കർ കൃഷി നശിക്കുന്നു. സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമല്ല. |
| 10 | എ. സുബ്രഹ്മണ്യൻ,<br>ഇടശ്ശേരി, വടക്കുപാടം,<br>കൊടുവായൂർ പി.ഒ.<br>പിൻ - 678501 | 7/1<br>കൊടുവായൂർ 1<br>W-6 | പദ്ധതി പ്രദേശത്ത് നെൽകൃഷി ഉൾപ്പെടുന്നു. പദ്ധതി വന്ന് കഴിഞ്ഞാൽ വെള്ളം പോകുന്നതിനുള്ള വഴി നഷ്ടപ്പെടുകയും വെള്ളക്കെട്ട് ഉണ്ടായി കൃഷി നശിക്കുവാൻ സാധ്യതയുണ്ടെന്ന് സ്ഥലം വിട്ടുതരാൻ സമ്മതമല്ലെന്ന് അറിയിച്ചു |
| 11 | മണികണ്ഠൻ ജി,<br>എടശ്ശേരിക്കുളം,<br>വടക്കുംപാടം,<br>കൊടുവായൂർ പി.ഒ.,<br>പിൻ-678501 | 7/3<br>10/2<br>W-6<br>കൊടുവായൂർ 1 | നിർദ്ദിഷ്ട ബണ്ടിന്റെ വലത് ഭാഗത്തെ ബണ്ടിലൂടെ പദ്ധതി മാറ്റി സ്ഥാപിക്കണം. ഇല്ലെങ്കിൽ കൃഷി നഷ്ടം, വെള്ളക്കെട്ട് എന്നിവ സംഭവിക്കും. |
| 12 | ബാബു, പനംതൊടി,<br>തണ്ണിശ്ശേരി പി.ഒ.,<br>പാലക്കാട്,<br>പിൻ: 678501 | 151/14<br>W-14<br>കൊടുവായൂർ 1 | പദ്ധതി ബാധിത പ്രദേശത്തെ കടമുറികളോട് ചേർന്ന് 151/14 എന്നീ സർവ്വേ നമ്പറിൽപ്പെടുന്ന ഒരു കടമുറി ഉൾപ്പെടുന്നു. എന്നാൽ ഈ സർവ്വെ നമ്പർ |

| | | | |
|---|---|---|---|
| | | | ഗസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തന്നിരിക്കുന്ന അലൈൻമെന്റ് പ്രകാരം ഈ കടമുറി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. |
| 13 | മണി, ദേവിനിലയം, തണ്ണിശ്ശേരി പി.ഒ., മന്നത്ത് കാവ് | പെരുവമ്പ്, 144/7 | പദ്ധതി ബാധിത പ്രദേശത്ത് മതിൽ, ഇരുമ്പ്ഗേറ്റ്, 4 തെങ്ങ് എന്നിവയും ഒരു ടാപ്പും നഷ്ടമാകുന്നു. സ്ഥലം വിട്ടു നൽകാൻ സമ്മതമല്ല. അലൈൻമെന്റിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടു. |
| 14 | ഗോപാലൻ പി. വാപ്പളം, തേൻകുറിശ്ശി പി.ഒ., പിൻ 678671 | പെരുവമ്പ്, 144/6 | പദ്ധതി പ്രദേശത്ത് 2 തേക്ക് ഉൾപ്പെടുന്നു. ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. ഈ പ്രദേശത്ത് അലൈൻമെന്റ് സ്റ്റോൺ ഇട്ടിട്ടുണ്ടെങ്കിലും ഈ സർവ്വെ നമ്പർ കേരള ഗസ്റ്റിൽ ഉൾപ്പെടുന്നില്ല. |
| 15 | രാജൻ ടീ ഷോപ്പ്, മന്നത്ത്കാവ്, തണ്ണിശ്ശേരി പി.ഒ., കൊടുവായൂർ | പെരുവമ്പ്, 151/11 | പദ്ധതി ബാധിത പ്രദേശത്ത് വീടും ഹോട്ടലും സ്ഥിതി ചെയ്യുന്നു. ഹോട്ടൽ പൂർണ്ണമായും നഷ്ടപ്പെടുന്നു. അവശേഷിക്കുന്ന സ്ഥലത്തുള്ള താമസ സംവിധാനത്തെ സാരമായി ബാധിക്കുന്നു. സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമല്ല. |
| 16 | കാജാഹുസൈൻ, (late) നൂറുമുഹമ്മദ്, നൂറു മൻസിൽ, മന്നത്ത്കാവ്, തണ്ണിശ്ശേരി പി.ഒ. കൊടുവായൂർ | പെരുവമ്പ്, 151/11 | വീടിന്റെ മുൻവശത്തെ ചുമർ, മതിൽ, 2 ഇരുമ്പ് ഗേറ്റ് എന്നിവ നഷ്ടമാകുന്നു. നിലവിലെ അലൈൻമെന്റിൽ നിന്ന് 10 സെന്റിമീറ്റർ മാറ്റിയാൽ വീട് നഷ്ടപ്പെടാതെ പദ്ധതി നടപ്പിലാക്കണമെന്ന് ഭൂവുടമ ആവശ്യപ്പെട്ടു. |
| 17 | പഴനി (Late) ശ്രീധരൻ മുതൽപേർ വലിയപുര, ചാന്തിരുത്തി, കൊടുവായൂർ പി.ഒ., പിൻ-678501 | W-III കൊടുവായൂർ 1 | നിലവിൽ റോഡിന് മതിയായ വീതി ഉള്ളതുകൊണ്ട് സ്ഥലം ഒഴിവാക്കി തരണം. അലൈൻമെന്റിൽ മാറ്റം വരുത്തി ബൈപ്പാസ് കൊണ്ടുവരണം എന്നാവശ്യപ്പെട്ട് RBDCK യിൽ പരാതി കൊടുത്തിട്ടുണ്ട്. |
| 18 | മിനിമോൾ, ദാസൻ, നെളിഞ്ഞാകോട് കുളം, എത്തനൂർ പി.ഒ. പിൻ 678502 | കൊടുവായൂർ 2 377/4.378/2 | ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുതരാൻ തയ്യാറാണ് |

| | | | |
|---|---|---|---|
| 19. | അറുമുഖൻ,<br>S/o രാമൻ, രാമകൃപ,<br>ചാന്ദിരുത്തി,<br>കൊടുവായൂർ,<br>പിൻ 678501 | കൊടുവായൂർ 1<br>154/3 | ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുതരാൻ തയ്യാറാണ് |
| 20 | രാജേന്ദ്രൻ,<br>എടശ്ശേരി,<br>തണ്ണിശ്ശേരി പി.ഒ,<br>പാലക്കാട് | കൊടുവായൂർ I<br>10/4 | മതിയായ നഷ്ടപരിഹാരം ലഭ്യമായാൽ സ്ഥലം വിട്ടുനൽകാം. |
| 21 | ചാമു, (LATE)<br>കൃഷ്ണദാസ്,<br>കുന്നുകാട്,<br>തേൻകുറിശ്ശി,<br>പിൻ 678671 | പട്ടയം നമ്പർ<br>487/2A | പദ്ധതിക്കുവേണ്ടി സ്ഥലം ഉൾപ്പെടുന്നുണ്ടോ അറിയില്ല. വില്ലേജ് ഓഫീസിലെ വിവരങ്ങൾ പ്രകാരം 136, 152/3 എന്നീ സർവ്വേ നമ്പറുകൾ ചാമു (Late) എന്ന വ്യക്തിയുടെ പേരിലാണ് ഉള്ളത്. ഈ സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന ഭൂവുടമയുടെ സ്ഥലം പട്ടയ ഭൂമിയാണ്. ആയതിനാൽ വിവരദാതാവിൽ നിന്ന് സർവ്വേ നമ്പർ ലഭിച്ചില്ല. |
| 22 | രമേശ്,<br>ആർ.കെ. നിവാസ്,<br>തണ്ണിശ്ശേരി പി.ഒ.,<br>മന്നത്ത് കാവ് | പെരുവമ്പ്, | പദ്ധതി പ്രദേശത്ത് കരിങ്കല്ലിന്റെ മതിലും സ്ഥലവും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| 23 | അബ്ദുൾ ഹക്കീം,<br>ഉമ്മത്തും തോപ്പ്,<br>എത്തനൂർ പി.ഒ.,<br>പാലക്കാട് | കൊടുവായൂർ 2<br>വില്ലേജ്<br>330/9 | പദ്ധതി ബാധിത പ്രദേശത്ത് 2 തെങ്ങ്, ഇരുമ്പ് ഗേറ്റ്, കമ്പി വേലി എന്നിവ നഷ്ടമാകുന്നു. ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. |
| 24 | അബ്ദുൾ റഹ്മാൻ,<br>ഉമ്മത്തുംതോപ്പ്,<br>എത്തനൂർ പി.ഒ.,<br>പാലക്കാട് | 384/4 | ഈ സർവ്വെ നമ്പർ തന്നിരിക്കുന്ന ഗസ്റ്റിൽ ഉൾപ്പെടുന്നില്ല. അലൈൻമെന്റ് പ്രകാരം ഈ സ്ഥലം ഉൾപ്പെടുന്നതായി കരുതുന്നു. സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. |
| 25 | സാലിഹ,<br>വലിയകത്തുവീട്,<br>ഉമ്മത്തും തോപ്പ്,<br>എത്തനൂർ - 678502 | കൊടുവായൂർ 2<br>330/12 | ന്യായമായ നഷ്ടപരിഹാരം നൽകിയാൽ സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണ്. |

| | | | |
|---|---|---|---|
| 26 | സുനന്ദ ഗോകുൽ,<br>ലക്ഷ്മികൃപ<br>കിഴക്കേത്തറ,<br>എത്തനൂർ,<br>പിൻ -68502 | W-18<br>കൊടുവായൂർ 2<br>വില്ലേജ് | പദ്ധതി പ്രദേശത്ത് മതിൽ, ഗേറ്റ്, കുഴൽ ക്കിണർ, തെങ്ങ്, എന്നിവ ഉൾപ്പെടുന്ന ഭൂവുടമ വിദേശത്താണ് താമസം. ജന ങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ പദ്ധതി നടപ്പാക്കണമെന്നും വികസന ത്തിന് എതിരല്ലെന്നും അറിയിച്ചു. മെയിൻ റോഡിന്റെ വീതിയിൽ പദ്ധതി കൊണ്ടുവരണമെന്നും 16 മീറ്റർ വീതി യിൽ സ്ഥലം എടുക്കുന്നതിനോട് താൽപ ര്യമില്ലെന്ന് അറിയിച്ചു. സഹോദരനും 18-ാം വാർഡ് മെമ്പറുമായ സുധീർ ആണ് വിവരങ്ങൾ നൽകിയത്. |
| 27 | ജയരാജൻ,<br>കുന്നുപറമ്പിൽ<br>ചോരക്കോട്,<br>പെരുവമ്പ് പി.ഒ.<br>പിൻ: 678531 | പെരുവമ്പ്,<br>W-14<br>151/11 | പദ്ധതി ബാധിത പ്രദേശത്ത് കടമുറി ഉൾപ്പെടുന്നു. ഉപജീനവമാർഗ്ഗം നഷ്ടപ്പെ ടുന്നതിനാൽ പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുകൊടുക്കുവാൻ സമ്മതമല്ല. |
| 28 | ദാക്ഷായണിയമ്മ<br>W/o കൃഷ്ണൻകുട്ടി,<br>കൊണ്ടിലക്കളം,<br>ചോരക്കോട്,<br>പെരുവമ്പ് പി.ഒ.<br>പിൻ - 678531 | പെരുവമ്പ്,<br>151/9,<br>13 | പദ്ധതി പ്രദേശത്ത് 6 കടമുറികൾ ഉൾപ്പെ ടുന്നു. 6 പേർക്ക് വാടകയ്ക്ക് കൊടു ത്തിരിക്കുന്നു. ഭൂവുടമയുടെയും കട യിൽ ജോലി ചെയ്യുന്നവരുടെയും ഉപജീ വന മാർഗ്ഗം നഷ്ടപ്പെടുന്നു. അലൈൻമെന്റിൽ മാറ്റം വരുത്തണ മെന്ന് ആവശ്യപ്പെട്ടു |
| 29 | സുരേഷ്ബാബു,<br>സുഗുണാനിവാസ്,<br>തണ്ണിശ്ശേരി പി.ഒ.,<br>കൊടുവായൂർ<br>പിൻ- 678501 | പെരുവമ്പ്,<br>151/14 | പദ്ധതി ബാധിത പ്രദേശത്തെ കടമുറിക ളോട് ചേർന്ന് 151/14 എന്നസർവ്വേ നമ്പ റിൽപ്പെടുന്ന ഒരു കടമുറി ഉൾപ്പെടുന്നു. എന്നാൽ ഈ സർവ്വെ നമ്പർ ഗസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. തന്നിരിക്കുന്ന അലൈൻമെന്റ് പ്രകാരം ഈ കടമുറി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. |
| 30 | ബവദാസ്,<br>കൊണ്ടിനക്കളം<br>ചോരക്കോട്,<br>പെരുവമ്പ് പി.ഒ.<br>പാലക്കാട്,<br>പിൻ: 678531 | പെരുവമ്പ്,<br>151/8 | പദ്ധതി പ്രദേശത്ത് 4 കടമുറികൾ ഉൾപ്പെ ടുന്നു. ഈ കടമുറികൾ 13 വർഷമായി വാടകയ്ക്ക് കൊടുത്തിരിക്കുന്നു. കൂടാതെ 8 പേർ 4 കടമുറികളിലായി ജോലി ചെയ്യുന്നു. ആയതിനാൽ ഭൂവുട മയുടെയും കടയിൽ ജോലി ചെയ്യുന്നവ രുടെയും ജീവിതത്തെയും ഉപജീവന മാർഗ്ഗത്തെയും ബാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | മാന്നാംകുളമ്പ് കനാൽ റോഡിൽ നിന്നും കിനാശ്ശേരി മലമ്പുഴ പ്രധാന കനാൽ ബണ്ടിന്റെ ഇടയിലൂടെ ബൈപ്പാസ് കൊണ്ടുപോയാൽ കടകളെ ബാധിക്കില്ലെന്നും 1/2 കി.മീ ദൂരക്കു റവും ലഭിക്കും. ആയതിനാൽ ഇപ്പോഴത്തെ അലൈൻ മെന്റ് മേൽപ്പ റഞ്ഞ റൂട്ടിലേക്ക് മാറ്റി സ്ഥാപിക്കണം എന്ന് അഭ്യർത്ഥിച്ചു. |
| 31 | മുരുകദാസ് എസ്,<br>ശ്രീമുരുകൻ,<br>അമ്പോട്, എത്തനൂർ,<br>കൊടുവായൂർ,<br>പിൻ - 678502 | കൊടുവായൂർ 2<br>392/10<br>W-18 | പദ്ധതി പ്രദേശമായി വന്നിരിക്കുന്ന ഈ സർവെ നമ്പർ (392/10) കൊടുവായൂർ കേരള ഗസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഈ വ്യക്തിയുടെ സ്ഥലം അലൈൻമെന്റ് സ്റ്റോൺ ഇട്ടിട്ടുണ്ട്. വീടിന്റെ വശം 60m നഷ്ടമാകുന്നു. പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ തൊട്ടടുത്തുള്ള ഫോറസ്റ്റ് ഭൂമിയിൽനിന്നുമുള്ള വെള്ളം വീട്ടിലേക്ക് വന്നുചേർന്ന് വെള്ളക്കെട്ട് ഉണ്ടാകുകയും വീടിനെ ബാധിക്കുകയും ചെയ്യുമെന്ന് അറിയിച്ചു. വീട് തേയ്ക്കാ ത്ത വീടാണെന്നും പുതിയ അലൈൻ മെന്റ് പ്രകാരം കിണറും തെങ്ങ്, വാഴ, എന്നിവ നഷ്ടമാകുന്നു. പഴയ അലൈ ൻമെന്റ് പ്രകാരം സ്ഥലം വിട്ടുകൊടു ക്കാൻ സമ്മതമാണെന്നും ഇത്രയും നഷ്ടം ബാധിക്കില്ലെന്നും അറിയിച്ചു. |
| 32 | ബാലകൃഷ്ണൻ എ.,<br>ആണ്ടി, അമ്പോട്.<br>എത്തനൂർ പി.ഒ.,<br>പിൻ 678502 | കൊടുവായൂർ 2<br>392/5, 6,9<br>W-18 | പദ്ധതിപ്രദേശത്ത് വീടും സ്ഥലവും ഉൾപ്പെ ടുന്നു. കൂടാതെ, പ്ലാവ്, തെങ്ങ്, വാഴ, മാവ് എന്നിവയും നിലനിൽക്കുന്നു. മല മ്പുഴ കനാലിനുവേണ്ടി ഇതിന് മുമ്പ് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഈ ബൈപ്പാസ് എത്തിച്ചേരേണ്ട സ്ഥലം വല തുഭാഗത്താണ്. എന്നാൽ മാർക്ക് ചെയ്തിരിക്കുന്നത് ഇടതു ഭാഗത്താണ്. ഇത് കൂടുതൽ അപകടങ്ങൾ ഉണ്ടാക്കു മെന്നും അറിയിച്ചു. ആയതിനാൽ സ്ഥലം വിട്ട് കൊടുക്കാൻ തയ്യാറല്ല. അലൈൻമെന്റ് മാറ്റം വരുത്തി റോഡ് 7 മീറ്റർ വീതി ആയി കുറയ്ക്കണമെന്ന് അറിയിച്ചു. |

| | | | |
|---|---|---|---|
| 33 | കേശവൻ നായർ,<br>ജാനകി<br>എത്തനൂർ,<br>പിൻ: 678502 | കൊടുവായൂർ 2<br>356/4 | വീടിന്റെ മൂല, മതിൽ എന്നിവ ഉൾപ്പെടുന്നു.കൊടുവായൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് വേണ്ടി സ്ഥലം വിട്ടുകൊടുക്കുവാൻ സമ്മതമല്ല. പരമ്പരാഗതമായി ലഭിച്ച ഭൂസ്വത്താണ്. |
| 34 | കർണ്ണകിയമ്മൻ<br>ക്ഷേത്രം<br>ചാത്തുരുത്തി | - | പദ്ധതി ബാധിത പ്രദേശത്ത് വന്നിരിക്കുന്ന ക്ഷേത്രത്തിന് 300 വർഷത്തിലേറെ പഴക്കമുള്ളതാണ്. 400ലേറെ കുടുംബങ്ങൾ ആരാധിച്ചുവരുന്നു. നിത്യപൂജയും വർഷത്തിൽ 1 പ്രാവശ്യം വെടിനാൾ മഹോത്സവ വും നടത്തിവരുന്നു. ഈ ഉത്സവത്തിന്റെ ആചാരകർമ്മങ്ങൾ നടത്തുന്നത് ഇവിടെയുള്ള ആൽമരവും ഗണപതിയും മറ്റ് ഉപദൈവങ്ങളും ഉണ്ട്. ഈ ആൽമരത്തെ ചുറ്റി കൊണ്ടാണ് ഉത്സവസമയത്ത് ആചാര കർമ്മങ്ങൾ നടത്തിവരുന്നത്. ഇപ്പോൾ ഈ ആൽമരത്തിന് മുൻവശത്ത് RBDCKസർവ്വേ നടത്തി പില്ലർ സ്ഥാപിച്ചു. ഈ സ്ഥലം ഏറ്റെടുക്കേണ്ടിവന്നാൽ ആചാരകർമ്മങ്ങൾ നടത്തുവാൻ കഴിയാതെ വരുന്നു. ആയതിനാൽ കല്ലിട്ട ഭാഗത്ത് നിന്ന് ഏകദേശം 5 മീറ്റർ മാറി അലൈൻമെന്റ് നടത്തികൊണ്ട് ഈ പ്രദേശനിവാസികളുടെ ആരാധനയ്ക്ക് മുടക്കം വരുത്താതെ നടപടി ഉണ്ടാകണമെന്ന് അറിയിച്ചു. 151/10 ൽ ഉൾപ്പെടുന്ന ഭൂമി സാമൂതിരി മഹാരാജാവിന്റെ അമ്പലം എന്നാണ് വില്ലേജ് ഓഫീസിൽ നിന്ന് അറിയാൻ കഴിഞ്ഞത്.<br>(ഹരിജൻ ക്ഷേത്രത്തിന്റെ സ്ഥല സംബന്ധമായ രേഖകളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഭാരവാഹികളിൽ നിന്ന് ലഭിച്ചിട്ടില്ല.) |
| 35 | ബാലചന്ദ്രൻ,<br>വളത്തുകാട്,<br>എത്തനൂർ പി.ഒ.,<br>കൊടുവായൂർ<br>അവകാശികൾ | കൊടുവായൂർ 2<br>392/2.392/4 | കൊടുവായൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിനുവേണ്ടി സ്ഥലംവിട്ട് കൊടുക്കാൻ സമ്മതമല്ല. ജനങ്ങൾക്ക് വീട് നഷ്ടപ്പെടുത്തുന്നതിനാൽ പദ്ധതിയോട് താല്പര്യമില്ല. |

| | | | |
|---|---|---|---|
| | പങ്കജം, സുപ്രിയ,<br>സുരേഷ്, സുമിത,<br>സുഭാഷ് | | |
| 36 | ചന്ദ്രൻ കെ.<br>വളത്തുകാട്ട്<br>എത്തനൂർ,<br>കൊടുവായൂർ | കൊടുവായൂർ 2<br>392/1 | പദ്ധതി ബാധിതപ്രദേശത്ത് വന്നിരിക്കു ന്നത് ഓടിട്ട ഒരു വീടാണ്. സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ അവശേഷി ക്കുന്ന കിണർ മാത്രം ആണ്. അതു പോലെ തന്നെ പദ്ധതി ബാധിത പ്രദേ ശത്ത് 3 തെങ്ങ്, 1 തേക്ക്, വേപ്പ് ചെറുമര ങ്ങൾ എന്നിവ നിലനിൽക്കുന്നു. |
| 37 | സി. ഗിരീഷ്,<br>9/53 രാമാനുജൻ നഗർ<br>ബി.കെ. പുതൂർ,<br>കുനിയൻ, മുതൂർ,<br>കോയമ്പത്തൂർ,<br>പിൻ 641008 | കൊടുവായൂർ 2<br>59/12 | പദ്ധതി ബാധിത പ്രദേശമാണ് വന്നിരി ക്കുന്നത് താമസസ്ഥലമായ വീടാണ്. പദ്ധ തിയിൽനിന്ന് വീട് ഒഴിവാക്കിത്തരണ മെന്ന് ആവശ്യപ്പെട്ടു. |
| 38 | മോഹൻദാസ്,<br>സുധീർകുമാർ,<br>തച്ചുമൂച്ചിക്കൽ,<br>വിളയന്നൂർ പി.ഒ.<br>പിൻ 678671 | കൊടുവായൂർ 2<br>10/3,16/3 | പദ്ധി ബാധിത പ്രദേശത്ത് മതിൽ, കമ്പി വേലി എന്നിവ ഉൾപ്പെടുന്നു. റോഡിന്റെ വീതി കുറച്ച് സ്ഥലം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു. |
| 39 | ഗോപകുമാർ | | വിവരങ്ങൾ ലഭ്യമായിട്ടില്ല |
| 40 | കൃഷ്ണൻ നായർ,<br>ചന്ദ്രൻ, ചെറുവട്ടത്ത്,<br>എത്തനൂർ പി.ഒ.,<br>പിൻ 678502 | 359/5 | വിവരങ്ങൾ ലഭ്യമായിട്ടില്ല |
| 41 | കൃഷ്ണൻ K<br>വടക്കുംപാടം(H)<br>കൊടുവായൂർ പി.ഒ.<br>പാലക്കാട് | 639/2.7,8 | വിവരങ്ങൾ ലഭ്യമായിട്ടില്ല |
| 42 | | 324/2, 324/11, 330/8, 330/10, 330/19, 331/2, 331/4 | വില്ലേജ് ഓഫീസ് നിന്ന് കിട്ടിയ വിവരങ്ങൾ പ്രകാരം ഈ സർവ്വേ നമ്പറുകൾ പുറ മ്പോക്ക് ഭൂമി എന്നാണ് കാണപ്പെട്ടത് |
| 43 | | 16/1,16/2, 16/4,16/5,16/6,16/ | കേരള ഗസറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഈ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | 7,16/8,358/5,144/ 5,541/10, 327/10 | ഭൂമിയിൽ അലൈൻമെന്റ് സ്റ്റോൺ വന്നി ട്ടില്ല. ഈ ഭൂമി പദ്ധതിപ്രദേശത്തു നിന്നും മാറിയാണ് സ്ഥിതിചെയ്യുന്നത്. |
| 44 | മലമ്പുഴ ഇറിഗേഷൻ | തേൻകുറിശ്ശി വില്ലേജ് No.1 542p | മലമ്പുഴ കനാൽ |
| 45 | മലമ്പുഴ ഇറിഗേഷൻ | കൊടുവായൂർ2 വില്ലേജ് 58p, 61p, 62p, 63p, 112p 113p 123p 136p 137p 320P 321P 322P 328P 329P 332p | മലമ്പുഴ കനാൽ |
| 46 | വനംവകുപ്പ് | കൊടുവായൂർ 2 വില്ലേജ് 392/14 | വനം |
| 47 | | 60/5p | പൊതുവഴി |
| 48 | | 126 p | ക്രോസിംഗ് റോഡ് |

| | | | |
|---|---|---|---|
| 49 | മലമ്പുഴ ഇറിഗേഷൻ | കൊടുവായൂർ।<br>। വില്ലേജ്<br>1p<br>2p<br>3p<br>67p<br>68p<br>69p<br>72p<br>83P<br>84P<br>132P<br>133P<br>135P<br>155P<br>156P<br>157P<br>158P<br>188P<br>189P<br>190P<br>191P | മലമ്പുഴ കനാൽ |
| 50 | ചിറ്റൂർ ഇറിഗേഷൻ | പെരുവമ്പ്,<br>വില്ലേജ്<br>144/7P<br>144/28P<br>146/20P<br>146/21P<br>150/6P<br>151/10P | ചിറ്റൂർപുഴ കനാൽ |

## 4.3 പദ്ധതിക്കാവശ്യമായ ഭൂമി

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരിക. സ്ഥലം ഏറ്റെടുക്കലിൽ പദ്ധതി പ്രദേശത്ത് 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

## 4.4 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരിക. സ്ഥലം ഏറ്റെടുക്കലിൽ 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം,കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

## 4.5 പൊതുഭൂമിയുടെ ആവശ്യകത

കൊടുവായൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന ഭൂമിയിൽ പൊതുഭൂമി ഉൾപ്പെടുന്നുണ്ട്.

## 4.6 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി

പദ്ധതിക്കായി ഇതുവരെ ഭൂമിയൊന്നും തന്നെ വിലകൊടുത്തു വാങ്ങിയിട്ടില്ല. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി നിർവ്വഹണം നടക്കുകയുള്ളു.

## 4.7 ഭൂപ്രകൃതി, നിലവിലുള്ള ഉപയോഗം, ഭൂമിയുടെ ഘടന

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2 പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരിക. സ്ഥലം ഏറ്റെടുക്കലിൽ 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ

ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മല മ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

## 4.8 ഉടമസ്ഥതയുടെ സ്വഭാവം

| പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| പരമ്പരാഗതം | 17 | 42.5 |
| വിലക്ക് വാങ്ങിയത് | 20 | 50 |
| മറുപടിയില്ല | 3 | 7.5 |
| ആകെ | 40 | 100 |

## 4.9 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

| പട്ടിക 4.3 കൈവശാവകാശ തീയതി | | |
|---|---|---|
| വർഷം | എണ്ണം | ശതമാനം |
| 50 -60 | 2 | 5 |
| 61-70 | 1 | 2.5 |
| 71 -80 | 0 | 0 |
| 81 -90 | 2 | 5 |
| 91-2000 | 6 | 16 |
| 2001-2010 | 14 | 35 |
| 2011-2018 | 7 | 17.5 |
| മറുപടിയില്ല | 8 | 20 |
| ആകെ | 40 | 100 |

പദ്ധതി ബാധിത പ്രദേശത്ത് 42 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന മലമ്പുഴ & ചിറ്റൂർപുഴ ഇറിഗേഷന്റെ പേരിലുള്ള ഭൂമിയും, വ്യത്യസ്ത 11 സർവ്വേ നമ്പറുകൾ കേരളാ ഗസറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആ ഉൾപ്പെടുന്ന ഭൂമി, പദ്ധതിക്ക് ആവശ്യമായി വരുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ ഏഴ് വ്യത്യസ്ഥ സർവ്വേനമ്പറുകളിൽ ഉൾപ്പെടുന്ന പുറമ്പോക്കുഭൂമിയും, ക്രോസിംഗ് റോഡ്, പൊതുവഴി, വനംവകുപ്പിന്റെ കീഴിലുള്ള ഭൂമിയും പദ്ധതിക്കായി ഉൾപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 4.2 നും, 4.3 നും ബാധകമല്ല.

## 4.10 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

പദ്ധതിപ്രദേശത്ത് ഒരു ഭൂഉടമ സർവ്വേ നമ്പർ 59/12, 29-12-2018 ൽ ഡോക്യുമെന്റ് നമ്പർ 1628/1/2018 പ്രകാരം 3 വർഷത്തിനുള്ളിൽ വ്യവഹാരങ്ങൾ നടത്തിയിട്ടുണ്ട്.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

അദ്ധ്യായം 5

# ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

## 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

നിർദ്ദിഷ്ടപദ്ധതിയ്ക്കുവേണ്ടി 796.48 ആർസ് സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി പ്രദേശത്ത് 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

## 5.3 പദ്ധതിയുടെ പരോക്ഷ ഫലങ്ങൾ

ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷത്തിൽ ബാധിക്കാത്തവരും എന്നാൽ അവിടെ താമസിക്കുന്നവരോ ജോലി ചെയ്യുന്നവരോ ആയവരെയാണ് പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ എന്ന് കണക്കാക്കുന്നത്,

പദ്ധതി പ്രദേശത്ത് വാടകയ്ക്ക് കച്ചവടം നടത്തുന്ന വ്യക്തികളെയും പ്രത്യാഘാത ബാധിത കടകളിൽ ജോലി ചെയ്യുന്നവരെയും പദ്ധതിയുടെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നവരാണ്. പ്രസ്തുത പ്രദേശത്ത് കുടുംബങ്ങളും തുറസ്സായ സ്ഥലങ്ങളും, ഉപജീവനമാർഗ്ഗങ്ങളും ഉൾപ്പെടുന്നുണ്ട്.

## 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബങ്ങളാണോ?

നിർദ്ദിഷ്ടപദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഹരിജൻ ക്ഷേത്രം ഉൾപ്പെടുന്നു. ഹരിജൻ ക്ഷേത്രത്തിന്റെ സ്ഥല സംബന്ധമായ രേഖകളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഭാരവാഹികളിൽ നിന്ന് ലഭിച്ചിട്ടില്ല.

### 5.5 ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളുണ്ടോ?

പദ്ധതി പ്രദേശത്ത് കടകൾ വാടകയ്ക്കും സ്വന്തമായും നടത്തുന്നവരുണ്ട്. അവരുടെ ആകെയുള്ള ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. ആയതിനാൽ ഈ ഏറ്റെടുക്കൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നു.

### 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാനകേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതാണ്

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതല്ല.

### 5.7 ഏറ്റെടുക്കലിന് മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

നഗരങ്ങളിലും ഗ്രാമങ്ങളിലും പാർക്കുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നു.

### 5.8 ഏറ്റെടുക്കൽമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ

നിർദ്ദിഷ്ടപദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

### 5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂവുടമകളുടെ സ്ഥലത്ത് തേക്ക്, മാവ്, പ്ലാവ്, തെങ്ങ്, മറ്റ് മരങ്ങൾ കൂടാതെ നെൽകൃഷി ചെയ്യുന്ന ഭൂമികൂടി നഷ്ടപ്പെടും എന്നാണ് അറിയാൻ കഴിഞ്ഞത്.

## അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ

### 6.1 പശ്ചാത്തലം

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാസ്ക്കാരിക തലങ്ങളിലെ അവസ്ഥയും, പ്രസ്തുത ഘടകങ്ങളുടെ സ്ഥിതി വിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, ജീവനോപാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

### 6.2 കുടുംബ വിവരങ്ങൾ

**പട്ടിക 6.2.1 കുടുംബ വരുമാനം**

| പ്രതിമാസ കുടുംബ വരുമാനം | എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപ വരെ | 10 | 25 |
| 5001-10000 | 5 | 12.5 |
| 10001-20000 | 7 | 17.5 |
| 20001-50000 | 11 | 27.5 |
| 50000ന് മുകളിൽ | 0 | 0 |
| മറുപടിയില്ല | 7 | 17.5 |
| ആകെ | 40 | 100 |

**പട്ടിക 6.2.2 വയസ്സുതിരിച്ചുള്ള വിവരം**

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 10 വയസ്സു വരെ | 24 | 16 |
| 11 - 20 | 22 | 14.66 |
| 21 - 30 | 17 | 11.33 |
| 31 - 40 | 19 | 12.66 |
| 41 - 50 | 22 | 14.66 |
| 51 - 60 | 18 | 12 |

| | | |
|---|---|---|
| 61-70 | 17 | 11.33 |
| 70 ന് മുകളിൽ | 8 | 5.33 |
| മറുപടിയില്ല | 3 | 2 |
| ആകെ | 150 | 100 |

## പട്ടിക 6.2.3 വിവാഹിതർ/ അവിവാഹിതർ/ വിധവകൾ

| നില | എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 77 | 51.33 |
| അവിവാഹിതർ | 14 | 9.33 |
| വിധവ | 8 | 5.33 |
| കുട്ടികൾ | 46 | 30.66 |
| വിഭാര്യൻ | 1 | 0.66 |
| മറുപടിയില്ല | 4 | 2.66 |
| ആകെ | 150 | 100 |

## പട്ടിക 6.2.4 പദ്ധതി ബാധിത ജനങ്ങളുടെ വിദ്യാഭ്യാസം

| വിദ്യാഭ്യാസം | എണ്ണം | ശതമാനം |
|---|---|---|
| പ്രാഥമികം | 47 | 31.33 |
| എസ്.എസ്.എൽ.സി. | 36 | 24 |
| സെക്കൻഡറി | 9 | 6 |
| ഡിഗ്രി | 19 | 12.66 |
| മാസ്റ്റേഴ്സ് ബിരുദം | 6 | 4 |
| മറ്റുള്ളവ | 14 | 9.33 |
| നിരക്ഷരർ | 9 | 6 |
| മറുപടിയില്ല | 10 | 6.66 |
| ആകെ | 150 | 100 |

**പട്ടിക 6.2.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ**

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| സ്വയംതൊഴിൽ | 10 | 20.83 |
| ബിസിനസ്സ് | 4 | 8.33 |
| സർക്കാർ മേഖലയിലെ തൊഴിൽ | 3 | 6.25 |
| കൂലി | 6 | 12.5 |
| ഗൾഫ് | 1 | 2.08 |
| സ്വകാര്യ മേഖലയിലെ ജോലി | 8 | 16.66 |
| കാർഷികം | 7 | 14.58 |
| മറ്റുള്ളവ | 5 | 10.41 |
| മറുപടിയില്ല | 4 | 8.33 |
| ആകെ | 48 | 100 |

**പട്ടിക 6.2.6 റേഷൻ കാർഡിന്റെ തരം തിരിവ്**

| തരം | എണ്ണം | ശതമാനം |
|---|---|---|
| ദാരിദ്ര്യ രേഖക്കു താഴെ | 7 | 17.5 |
| AAY | 1 | 2.5 |
| ദാരിദ്ര്യരേഖക്ക് മുകളിൽ | 25 | 62.5 |
| ഇല്ല | 0 | 0 |
| മറുപടിയില്ല | 7 | 17.5 |
| ആകെ | 40 | 100 |

പദ്ധതി ബാധിത പ്രദേശത്ത് 42 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന മലമ്പുഴ & ചിറ്റൂർപുഴ ഇറിഗേഷന്റെ പേരിലുള്ള ഭൂമിയും, വ്യത്യസ്ത 11 സർവ്വേ നമ്പറുകൾ കേരളാ ഗസറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആ ഉൾപ്പെടുന്ന ഭൂമി പദ്ധതിക്ക് ആവശ്യമായി വരുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കൂടാതെ ഏഴ് വ്യത്യസ്ഥ സർവ്വേനമ്പറുകളിൽ ഉൾപ്പെ

ടുന്ന പുറമ്പോക്കുഭൂമിയും, ക്രോസിംഗ് റോഡ്, പൊതുവഴി, വനംവകുപ്പിന്റെ കീഴിലുള്ള ഭൂമിയും പദ്ധതിപ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കുടുംബങ്ങളുടെ അനുബന്ധ വിവരങ്ങൾ ബാധകമല്ല.

### 6.3 മതവിഭാഗം

ആഘാതബാധിത കുടുംബങ്ങൾ ഹിന്ദു, മുസ്ലീം വിഭാഗങ്ങളിൽപ്പെടുന്നു. മൊത്തം കുടുംബങ്ങളിൽ 90% ഹിന്ദു വിഭാഗത്തിലും 10% മുസ്ലീം വിഭാഗത്തിലും ഉൾപ്പെടുന്നു.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

## അദ്ധ്യായം 7

# സാമൂഹ്യാഘാതത്തിന്റെ ലഘൂകരണം

### 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയാണ് സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം ആസൂത്രണം തയ്യാറാക്കിയിരിക്കുന്നത് പ്രധാനമായും നഷ്ടപരിഹാരമായി തൃപ്തികരമായ തുക കൂടാതെ കുടുംബാംഗങ്ങൾക്ക് ജോലി എന്നിവ നൽകാനാണ് വ്യക്തികൾ ആവശ്യപ്പെടുന്നത്. ആയതിനാൽ ഏറ്റെടുക്കുന്ന സ്ഥലത്തിനും വസ്തുവകകൾക്കും നൽകേണ്ട വില ആഘാത ബാധിതരുമായി ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും, സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപേ ഈ തുക വിതരണം ചെയ്യുക എന്നതുമാണ് പ്രത്യാഘാത ലഘൂകരണ നടപടിക്കായി നിർദ്ദേശിക്കുന്നത്.

പ്രകൃതി സൗഹൃദമായ വികസനവും, നഗരത്തിന്റെ ആകമാന നന്മയ്ക്കും വേണ്ടി പദ്ധതി ബാധിതരെ ബോധവൽക്കരിക്കുകയും, കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾക്ക് ഭാഗമാക്കാൻ ഉതകുന്ന നടപടികൾ സ്വീകരിക്കുന്നത് പ്രത്യാഘാതത്തെ ലഘൂകരിക്കാൻ സഹായിക്കും.

### 7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act 2013) നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം യഥാസമയം നൽകുക.

### 7.3 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽപ്പെടാൻ ഇടനൽകേണ്ടതാണ്.

### 7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

ബന്ധപ്പെട്ട സമിതി നഷ്ടപരിഹാര വിതരണത്തിനായി ഒരു പ്രത്യേക ബജറ്റ് വക ഇരുത്തുക.

## 7.5 പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | പുനരധിവാസവും നഷ്ടപരിഹാരവും | പുനരധിവാസവും നഷ്ടപരിഹാരവും |
| 2. | കൃഷിഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ടപരിഹാരം | ന്യായമായ നഷ്ടപരിഹാരം |
| 3. | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം |
| 5. | അവശേഷിക്കുന്ന ഭൂമി യിലേക്കുള്ള പ്രവേശനമാ ർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | പ്രവേശനമാർഗ്ഗങ്ങളുടെ പുനസ്ഥാപനം |
| 6. | ശബ്ദം, അന്തരീക്ഷ മലിനീകരണം, ജലമലിനി കരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘുകരണ നടപടികൾ രൂപരേഖയിൽ ഉൾപ്പെടുത്തുക |
| 7. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ട പരിഹാരം വിതരണം ചെയ്യുക |
| 8.. | ജല സ്രോതസുകളുടെ നഷ്ടം | നിയന്ത്രണം | നടപ്പാക്കൽ ഏജൻസി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഭൂഗർഭ ജലപരി പോഷണം ഉറപ്പ് വരുത്തണം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

## 8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും. പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനെയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും വിധേയമായ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ളപ്രോജക്ടിനുവേണ്ടിയുള്ള പുനരധിവാസത്തിനുംപുനസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും നേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

RFCTLARRനിയമം 2013-ൽ നിർവ്വഹിക്കും പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാൻ സാധിക്കാത്തതാണ്.

ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നിയമത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയ്ക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാകളക്ടർ
- പുനരധിവാസ പുനസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമിയേറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥർ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളാൻ അർഹമായ അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ

### അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

## 9.1 പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

പദ്ധതിബാധിത പ്രദേശം പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് കണക്കാക്കിയിട്ടില്ല.

## 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക സ്രോതസ്സ് തരം തിരിച്ചിട്ടില്ല.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം

### 10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

ബാധകമല്ല

### 10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

ബാധകമല്ല

## അദ്ധ്യായം -11

# നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

### 11.1. അന്തിമ ഉപസംഹാരം ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ കൊടുവായൂർ 1, കൊടുവായൂർ 2, പെരുവമ്പ്, തേൻകുറിശ്ശി വില്ലേജുകളിൽ ഉൾപ്പെട്ട 796.48 ആർസ് സ്ഥലമാണ് കൊടുവായൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

കൊടുവായൂർ ബൈപ്പാസ് റോഡ് പൂർത്തിയാകുന്നതോടെ പ്രദേശത്തെ വിനോദ സഞ്ചാരം, കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും, ചുറ്റുപാടുമുള്ള ഗ്രാമങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്ക് വളരെ സംഭാവന ചെയ്യുകയും, തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്യും. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇതരസ്ഥലങ്ങളിലേക്കുമുള്ള യാത്രാസൗകര്യം മെച്ചപ്പെടുകയും യാത്ര എളുപ്പത്തിലാക്കുന്നതിനും സമയ ദൈർഘ്യം കുറയ്ക്കുന്നതിനും നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നാണ് പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. കൊടുവായൂർ ബൈപ്പാസ് റോഡിന്റെ അഭാവം നിമിത്തം ദൈനംദിനം കഷ്ടതയനുഭവിക്കുന്ന വാഹന യാത്രക്കാർ പ്രദേശവാസികൾ എന്നിവരെല്ലാം ഈ വികസന പദ്ധതി അത്യാന്താപേക്ഷിതമാണെന്ന് കരുതുന്നവരാണ്.

### 11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

പദ്ധതി പ്രദേശത്ത് 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെഅരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ, പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനം

വകുപ്പിന്റെ ഭൂമി എന്നിവയും നഷ്ടമാകുന്നു. പദ്ധതിക്കായി മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്.

വിവിധങ്ങളായ സാമൂഹ്യ നേട്ടങ്ങൾക്കും പദ്ധതി വഴി തെളിക്കുന്നു. യാത്രയുടെ സമയദൈർഘ്യം കുറയ്ക്കൽ, വാഹനങ്ങളുടെ തിരക്ക് മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കൽ തുടങ്ങിയവ ഇതിൽപ്പെടുന്നു. സ്ഥലം ഏറ്റെടുക്കുന്നത്  മൂലം ഭൂവുടമകളായ സ്വകാര്യ വ്യക്തികളെയും പദ്ധതിയുടെ നിർമ്മാണം നേരിട്ടു ബാധിക്കുന്നതായി കാണാൻ കഴിയും. എന്നാൽ  തന്നെ ഇതൊരു പൊതുവികസന പ്രവർത്തനത്തിനായതിനാൽ വ്യക്തികൾ സ്ഥലം വിട്ടുനൽകേണ്ടതായി വരുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടി വരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

# സംഗ്രഹം

പട്ടണത്തിലെ ഗതാഗതവും യാത്രാക്ലേശവും സംബന്ധിച്ചിടത്തോളം, കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതി ഒരു നാഴികക്കല്ലാണ്. നിർദ്ദിഷ്ട പദ്ധതിയ്ക്കാവശ്യമായത് 796.48 ആർസ് സ്ഥലമാണ്. RFCTLARR നിയമം 2013 അനുസരിച്ച് പ്രശ്നബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായകരമാണ്.

പദ്ധതിയുടെ സാക്ഷാത്ക്കാരത്തിനായി, നിരവധി ആളുകൾക്ക് സ്വന്തം വസ്തുവകകൾ ത്യജിക്കേണ്ടതായിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിൽ പദ്ധതി പ്രദേശത്ത് 3 വീടുകൾ പൂർണ്ണമായും 1 വീടിന്റെ ചുമര്, 1 വീടിന്റെ അരിക്, കടമുറികൾ, മതിൽ, ഇരുമ്പ് ഗേറ്റ്, കമ്പിവേലി കൂടാതെ പാടങ്ങൾ, ഹരിജൻ ക്ഷേത്രം, കുഴൽ കിണർ, കിണർ, പൊതുകിണർ,നഷ്ടപ്പെടേണ്ടതായിട്ടുണ്ട്. പദ്ധതിക്കായി പൊതുഭൂമി, പൊതുവഴി, ക്രോസിംഗ് റോഡ്, വനംവകുപ്പിന്റെ ഭൂമി കൂടാതെ മലമ്പുഴ ഇറിഗേഷനിലെയും ചിറ്റൂർ ഇറിഗേഷനിലെയും സ്ഥലവും ഉൾപ്പെടുന്നുണ്ട്. എന്നാൽ പദ്ധതി വരുന്നത് ഒരുപാട് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതാണ്. ദൂരക്കുറവ് യാഥാർത്ഥ്യമാകുന്നത് പോലെ സമയലാഭവും ബൈപ്പാസ് വരുന്നതിലൂടെ ഉണ്ടാകുന്നതാണ്.

തദ്ദേശീയർക്ക് നഷ്ടപരിഹാരാവകാശ നിയമം 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിലേക്കായി, പഠനസംഘം പ്രദേശത്തെ സാമൂഹ്യാഘാതം പഠിക്കുകയും, ആഘാത ലഘൂകരണ നടപടികൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

പദ്ധതിയുടെ ഗുണകരമായ വശം പരിശോധിക്കുകയാണെങ്കിൽ കൊടുവായൂർ ബൈപ്പാസ് റോഡ് പദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സ്ഥലത്തിന്റേയും വസ്തുകകളുടേയും നഷ്ടം പരിഹരിക്കാനാവശ്യമായ വകുപ്പുകൾ നഷ്ടപരിഹാരാവകാശ നിയമം 2013-ൽ വേണ്ടുവോളം അടങ്ങിയിട്ടുണ്ട്.

YOUTH SOCIAL SERVICE ORGANIZATION, COLLEGE P.O., COCHIN, KERALA-686 666, REG:112/95, KOTHAMANGALAM